**കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്**
**(സാന്നിധ്യം. ബിജേഷ് എ.എസ്, കെ.എ.എസ്)**

വിഷയം:- പൊതുവിദ്യാഭ്യാസം - അന്തർജില്ലാ സ്ഥലംമാറ്റം - 2024-25 -ഭാഷാ അധ്യാപകരുടെ അന്തിമ സ്ഥലംമാറ്റം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1 . പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.11.2024, 27.12.2024 തീയതിയിലെ DGE/24296/2024-A1 ഡിജിഇ നമ്പർ പരിപത്രം

2.അധ്യാപകർ ഓൺലൈൻ മുഖേന സമര്പ്പിച്ച സ്ഥലമാറ്റ അപേക്ഷകൾ.

3. ട്രാൻസ്ഫർ & പോസ്റ്റിങ്ങ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള സീനിയോരിറ്റി ലിസ്റ്റ്

4.ഈ കാര്യലയത്തിലെ 03.02.2025,06.02.2025 ഇതേ നമ്പർ താൽക്കാലിക ഉത്തരവ്

5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27-03-2025 തീയതിയിലെ DGE/20836/2024-A1 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ DDEKNR/9908/2024-A2 തീയതി : 28-03-2025**

2024-25 വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സൂചന (1) പ്രകാരമുള്ള സർക്കുലർ പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിൻ്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളിൽ സൂചന 3 പ്രകാരം പ്രകാരമുള്ള സീനിയോറിറ്റി പരിഗണിച്ച് സൂചന 4 പ്രകാരം താത്കാലിക സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹരായ അധ്യാപകരുടെ പരാതികൾ പരിഗണിച്ച് താഴെ അനുബന്ധത്തിൽ പറയും പ്രകാരം അവരുടെ പേരിന് നേരെ ചേർത്ത വിദ്യാലയത്തിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു

**എച്ച്.എസ്.ടി ഹിന്ദി**

| ക്ര നം. | അധ്യാപകന്റെ/അധ്യാപികയുടെ പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിന്റെ പേരും | നിലവിൽ ജോലി ചെയ്യുന്ന ജില്ല | സ്ഥലംമാറ്റം അനുവദിച്ച സ്കൂൾ |
|---|---|---|---|
| 1 | സുചേതാ കെ കെ<br>ഗവ .മുസ്ലിം വി എച്ച് എസ് എസ് കാസർഗോഡ് | കാസർഗോഡ് | GHSS ഉളിക്കൽ |
| 2 | സിന്ധു ലത ടി സി<br>GHSS കാട്ടിലങ്ങാടി<br>മലപ്പുറം | മലപ്പുറം | GHSSഎട്ടിക്കുളം |

**എച്ച്.എസ്.ടി അറബിക്**

| ക്ര | അധ്യാപകന്റെ/അധ്യാപികയുടെ പേരും | നിലവിൽ ജോലി | സ്ഥലംമാറ്റം അനുവദിച്ച സ്കൂൾ |
|---|---|---|---|

| | | | |
|---|---|---|---|
| നം. | ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിന്റെ പേരും | ചെയ്യുന്ന ജില്ല | |
| 1 | മുസമ്മിൽ സി പി<br>ജിഎച്ച് എസ് എസ് ഉദ്മ<br>കാസർഗോഡ് | കാസർഗോഡ് | IMNS GHSS മയ്യിൽ |

ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദി

| ക്ര നം. | അധ്യാപകന്റെ/അധ്യാപികയുടെ പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിന്റെ പേരും | നിലവിൽ ജോലി ചെയ്യുന്ന ജില്ല | സ്ഥലംമാറ്റം അനുവദിച്ച സ്കൂൾ |
|---|---|---|---|
| 1 | രജനി ഒ<br>ജി യു പിഎസ് തലപ്പുഴ<br>വയനാട് | വയനാട് | മധുസൂദനൻ സ്മാരക തങ്ങൾ GUPS മട്ടന്നൂർ |
| 2 | ശ്രീജ സി<br>GHS പെരിയ<br>വയനാട് | വയനാട് | GHSS മമ്പറം |

ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് അറബിക് യു പി

| ക്ര നം. | അധ്യാപകന്റെ/അധ്യാപികയുടെ പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിന്റെ പേരും | നിലവിൽ ജോലി ചെയ്യുന്ന ജില്ല | സ്ഥലംമാറ്റം അനുവദിച്ച സ്കൂൾ |
|---|---|---|---|
| 1 | സജിത്ത് സി<br>GUPS നാദാപുരം<br>കോഴിക്കോട് | കോഴിക്കോട് | GUPS ഉളിയിൽ |

പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് സംസ്കൃതം

| ക്ര നം. | അധ്യാപകന്റെ/അധ്യാപികയുടെ പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിന്റെ പേരും | നിലവിൽ ജോലി ചെയ്യുന്ന ജില്ല | സ്ഥലംമാറ്റം അനുവദിച്ച സ്കൂൾ |
|---|---|---|---|
| 1 | ബിജുന കെ ടി<br>C K N S G U P S മേലങ്ങോട്ട്<br>കാസർഗോഡ് | കാസർഗോഡ് | GUPS നിടിയേങ്ങ |

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകരുടെ സർവ്വീസ് സീനിയോരിറ്റി കണ്ണൂർ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. കൂടാതെ 09.08.1988 ലെ ജി.ഒ (എം.എസ്) നമ്പർ 128/88/ജി ഇ ഉത്തരവ് പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന ദിവസം അധ്യാപകർ ഈ ജില്ലയിൽ നിയമനം ലഭിക്കുന്ന തസ്തികയിൽ ഏറ്റവും ജൂനിയർ ആയിരിക്കും. അന്തിമ അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രഥമാധ്യാപകർ ബന്ധപ്പെട്ട അധ്യാപകരെ വിടുതൽ ചെയ്യാൻ പാടുള്ളൂ.

23.08.2012 ലെ സർക്കാർ ഉത്തരവ് ജി.ഒ (പി) നമ്പർ 42/12 പി&എ.ആർ.ഡി പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം മുഖേന ജില്ലയിൽ പ്രവേശിക്കുന്ന അധ്യാപകർ കണ്ണൂർ ജില്ലയിൽ നിന്നും

പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതാണ്.

അഞ്ച് വർഷം സേവന കാലയളവ് പൂർത്തീകരിച്ചിട്ടില്ലാത്ത അധ്യാപകർ 23.04.2003 ല െ സ.ഉ(എം.എസ്) നം 94/2003/പൊ.വി പ്രകാരമുള്ള സ്ഥലങ്ങളിൽ സ്ഥലം മാറ്റം ലഭിച്ചിട്ടുണ്ട െങ്കിൽ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 5 വർഷ കാലയളവിൽ ഉത്തരവി ൽ പരാമർശിക്കുന്ന ഹിൽ/റിമോട്ട് ഏരിയകളിൽ മാത്രമേ സ്ഥലം മാറ്റത്തിന് അർഹത ഉണ്ടായി രിക്കുകയുള്ളൂ.

അന്തർജില്ല സ്ഥലംമാറ്റം ലഭിച്ച അധ്യാപകർ തെറ്റായ വിവരം നൽകിയാണ് അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചതെന്ന് ബോധ്യപ്പെട്ടാൽ ഉത്തരവ് റദ്ദ് ചെയ്യുന്നതും ബന്ധപ്പെട്ട അധ്യാപകർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതുമാണ്.

സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ ഏപ്രിൽ മാസം 30 നുള്ളിൽ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ് . സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ ജോലിയിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട പ്രധാന അധ്യാപകൻ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Signed by
Bijesh A S
Date: 28-03-2025 16:47:55

വിദ്യാഭ്യാസ ഉപഡയറക്ടർ, കണ്ണൂർ
(പൂർണ്ണ അധിക ചുമതല)

സ്വീകർത്താവ് :

1 പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2.ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ
3.ബന്ധപ്പെട്ട പ്രധാനാധ്യാപകർ
4.ബന്ധപ്പെട്ട അധ്യാപകർ(പ്രധാനാധ്യാപകർ മുഖേന)
5.കരുതല് ഫയൽ